പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1555 **01-07-2026-ൽ മറുപടിയ്ക്ക്**

നിപ്പ പ്രതിരോധ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സുധീർഷാ പാലോട്

ശ്രീ. എം. ആർ. ബൈജു

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) നിലവിൽ എത്ര പേർക്കാണ് നിപ സ്ഥിരീകരിച്ചത്;രോഗം ഭേദമായവരുണ്ടോ;വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് 2026-ൽ 1 നിപ കേസ് ആണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. രോഗബാധിതൻ നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ അതിതീവ്ര വിഭാഗത്തിൽ ചികിത്സയിൽ തുടരുകയാണ്. മാനദണ്ഡപ്രകാരമുള്ള ചികിത്സ നൽകിവരുന്നു.

(ബി) നിപ പ്രതിരോധ മരുന്ന് ലഭ്യമാക്കുന്നതിന് സർക്കാർ നടത്തിയ അടിയന്തര ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മറുപടി: സംസ്ഥാനത്ത് നിപ രോഗം സ്ഥിരീകരിച്ചപ്പോൾ തന്നെ ചികിത്സയ്ക്കും പ്രതിരോധത്തിനും ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ, സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ പ്രോക്യൂർമെന്റ് ഏജൻസി ആയ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) വഴി സ്വീകരിച്ചിരുന്നു.

രോഗം സ്ഥിരീകരിച്ച അന്ന് തന്നെ (ജൂൺ 11 2026), ഇന്ത്യയിൽ നിപയ്ക്കായി മരുന്നുകൾ ഉല്പാദിപ്പിക്കുന്ന കമ്പനികളിൽ നിന്നും കാരുണ്യ ഫാർമസിക്കായി സാമഗ്രികൾ വിതരണം ചെയ്യുന്ന കമ്പനികളിൽ നിന്നും മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടെയും നിരക്കുകളും, ലഭ്യതയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുകയും, നിരക്കുകൾ തമ്മിൽ താരതമ്യ പഠനം നടത്തി കമ്പനികളുമായി വിലപേശൽ ചർച്ചകൾ നടത്തി ഏറ്റവും കുറഞ്ഞ നിരക്ക് വാങ്ങുകയും അടിയന്തരമായി പർച്ചേസ് ഓർഡറുകൾ നൽകുകയും ചെയ്തു.

ഇന്ത്യയിൽ നിലവിൽ ഉത്പാദിപ്പിക്കാത്ത റെമഡിസിവിർ മരുന്ന്, ബഹറൈനിലുള്ള ബ്രൂക്ക് ഫാർമ എന്ന ഫാർമസ്യൂട്ടിക്കൽ കമ്പനിയിൽ നിന്ന്, പ്രത്യേക അനുമതിയോടു കൂടി 50 വയൽ അടിയന്തരമായി വിമാനമാർഗ്ഗം എത്തിച്ചു. തുടർന്ന് 250 വയൽ റെമഡിസിവിർ കൂടി കേരളത്തിൽ എത്തിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ